# ഗ്രാമ പഞ്ചായത്തുകളുടെ കമ്പ്യൂട്ടർവൽക്കരണം / സദ്ഭരണം പ്രോജക്ററിനുള്ള കുറിപ്പ്

ജൂലൈ 2007

തയ്യാറാക്കിയത്

ഇൻഫർമേഷൻ കേരളാ മിഷൻ
പ്രതീക്ഷ, പാങ്ങപ്പാറ പി ഒ, തിരുവനന്തപുരം 695 581
ഫോൺ: 0471-2595833, 2597543, 2590111, 2590113
ഫാക്സ് 0471-2595832 www.infokerala.org

## ഉള്ളടക്കം

1.0 ആമുഖം ....... 2
2.0 ആപ്ലിക്കേഷൻ സോഫ്ററ്വെയറുകൾ ....... 2
2.1 സുലേഖ ....... 2
2.2 സേവന (സിവിൽ രജിസ്ട്രേഷൻ) ....... 2
2.3 സേവന (പെൻഷൻ) ....... 2
2.4 സാംഖ്യ ....... 3
2.5 സഞ്ചയ ....... 3
2.6 സഞ്ചിത ....... 3
2.7 സുചിക ....... 3
2.8 സ്ഥാപന ....... 3
2.9 സകർമ ....... 3
2.10 സുഭദ്ര ....... 4
2.11 സംവേദിത ....... 4
3.0 സോഫ്ററ്വെയറുകളുടെ വിന്യാസം ....... 4
3.1 സുലേഖ സോഫ്ററ്വെയർ വിന്യാസം ....... 4
3.2 സേവന (രജിസ്ട്രേഷൻ) സോഫ്ററ്വെയർ വിന്യാസം ....... 5
3.3 സേവന (പെൻഷൻ) സോഫ്ററ്വെയർ വിന്യാസം ....... 6
3.4 സാംഖ്യ സോഫ്ററ്വെയർ വിന്യാസ ....... 6
3.5 സഞ്ചിത സോഫ്ററ്വെയർ വിന്യാസം ....... 6
3.6 സ്ഥാപന സോഫ്ററ്വെയർ വിന്യാസം ....... 6
3.7 സുചിക സോഫ്ററ്വെയർ വിന്യാസം ....... 7
3.8 മററ് സോഫ്ററ്വെയറുകളുടെ വിന്യാസം ....... 7
4.0 പഞ്ചായത്തുകളുടെയും ഐ കെ എം ന്റെയും ഉത്തരവാദിത്തങ്ങൾ ....... 7
4.1 ഐ കെ എം ന്റെ ഉത്തരവാദിത്തങ്ങൾ ....... 7
4.2 പഞ്ചായത്തിന്റെ ഉത്തരവാദിത്തങ്ങൾ ....... 8
5.0 ബൗദ്ധികസ്വത്തവകാശം ....... 8
6.0 തർക്ക പരിഹാരം ....... 8
7.0 ബജററ് ....... 9

# ഗ്രാമ പഞ്ചായത്ത് കമ്പ്യൂട്ടർവൽക്കരണം

ഗ്രാമ പഞ്ചായത്തുകളുടെ കമ്പ്യൂട്ടർവൽക്കരണം / സദ്ഭരണം

പ്രോജക്ററിനുള്ള കുറിപ്പ്

## 1.0 ആമുഖം

പഞ്ചായത്ത് കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി കമ്പ്യൂട്ടറും മററ് അനുബന്ധ ഉപകരണങ്ങളും പഞ്ചായത്തുകൾക്ക് നേരിട്ട് വാങ്ങാൻ അനുമതി നൽകിക്കൊണ്ട് 25.06.2007 ലെ G.O.(MS)No.168/2007/LSGD പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിനെ തുടർന്ന് ഗ്രാമ പഞ്ചായത്തുകൾ അവർക്ക് ആവശ്യമുള്ള കമ്പ്യൂട്ടറും മററ് അനുബന്ധ ഉപകരണങ്ങളും വാങ്ങാനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്ത് കമ്പ്യൂട്ടർവൽക്കരണത്തിന്റെ സാങ്കേതിക ചുമതല ഇൻഫർമേഷൻ കേരളാ മിഷനിൽ നിക്ഷിപ്തമാണ്. കമ്പ്യൂട്ടർവൽക്കരണത്തിന് ആവശ്യമായ ആപ്ലിക്കേഷൻ സോഫ്ററ്വെയറുകൾ ഇൻഫർമേഷൻ കേരളാ മിഷൻ വികസിപ്പിച്ചിട്ടുണ്ട്.

## 2.0 ആപ്ലിക്കേഷൻ സോഫ്ററ്വെയറുകൾ

### 2.1 സുലേഖ

പദ്ധതി മോണിട്ടറിംങ്ങിനുള്ള സോഫ്ററ്വെയർ. പദ്ധതി വിവരങ്ങളും ചിലവും രേഖപ്പെടുത്താൻ കഴിയും. 1997 മുതൽ പദ്ധതി കണക്കുകൾ ജില്ലാതലത്തിലോ സംസ്ഥാനതലത്തിലോ കേന്ദ്രീകൃതമായി രേഖപ്പെടുത്തുന്ന പ്രക്രിയ നടന്നുവരുന്നു. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഈ കണക്കുകൾ (ഏതാണ്ട് 100 തദ്ദേശ ഭരണ സ്ഥാപനങ്ങൾ) ക്രോഡീകരിച്ച് ഇന്റർനെററിൽ ലഭ്യമാക്കിയിട്ടുണ്ട്.

### 2.2 സേവന (സിവിൽ രജിസ്ട്രേഷൻ)

ജനന – മരണ, വിവാഹ രജിസ്ട്രേഷനുകൾ നടത്താനും സർട്ടിഫിക്കററുകൾ നൽകാനും ഉപയോഗിക്കുന്ന ആപ്ലിക്കേഷൻ സോഫ്ററ്വെയർ. സേവന സ്യൂട്ട് എന്ന ആപ്ലിക്കേഷൻ സമുച്ചയത്തിൽ ഉൾപ്പെടുന്നു. തത്സമയ ജനന മരണ രജിസ്ട്രേഷനുകൾക്കു വേണ്ടിയുള്ള ഹോസ്പിററൽ കിയോസ്ക്ക് ആപ്ലിക്കേഷനും ഇതിന്റെ ഭാഗമാണ്.

### 2.3 സേവന (പെൻഷൻ)

സാമൂഹിക സുരക്ഷാ പെൻഷനുകൾ കൈകാര്യം ചെയ്യാൻ ഉപയോഗിക്കുന്ന സോഫ്ററ്വെയർ. ഇത് ഉപയോഗിച്ച് മണിയോർഡർ ഫോറം പ്രിന്റു ചെയ്യാൻ കഴിയും. കൂടാതെ പെൻഷനുമായി ബന്ധപ്പെട്ട കണക്കുകൾ ചിട്ടപ്പെടുത്താനും ബില്ല് തയ്യാറാക്കാനും കഴിയും. പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ലളിതമാക്കാനും കൃത്യമായ കണക്ക് സൂക്ഷിക്കാനും ഈ സോഫ്ററ്വെയർ സഹായകരമാണ്.

### 2.4 സാംഖ്യ

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വരവ് ചിലവ് കണക്കുകൾ ചിട്ടപ്പെടുത്തുന്നതിനും സ്വീകരിക്കുന്ന വരവിന് കമ്പ്യൂട്ടർ വഴി രസീത് നൽകാനും കഴിയും. നിരന്തരം രേഖപ്പെടുത്തേണ്ടുന്ന വിവരങ്ങൾ മാസ്റ്റർ ടേബിളുകളായിട്ടാണ് കമ്പ്യൂട്ടറിൽ ശേഖരിക്കുന്നത്. ഈ സോഫ്റ്റ്‌വെയറിന്റെ ഉപയോഗം മൂലം കൃത്യതയും വേഗതയും കൈവരിക്കാൻ കഴിയും.

### 2.5 സഞ്ചയ

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ റവന്യൂ വരുമാനങ്ങൾ കൈകാര്യം ചെയ്യാൻ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയർ. ഡി & ഒ, പി എഫ് എ, തൊഴിൽ നികുതി, പ്രോപ്പർട്ടി ടാക്സ് എന്നിവയുടെ ഡാററാബെയിസ് തയ്യാറാക്കി സാംഖ്യ ആപ്ലിക്കേഷനുമായി ചേർന്ന് പ്രവർത്തിക്കുന്നു.

### 2.6 സഞ്ചിത

പഞ്ചായത്ത് രാജ്, നഗരപാലികാ ബില്ലും ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും കോടതിവിധികളും അടങ്ങിയ സി ഡി. സൂചകപദങ്ങൾ ഉപയോഗിച്ച് തിരച്ചിൽ നടത്താനുള്ള സൗകര്യവും നൽകിയിട്ടുണ്ട്.

### 2.7 സുചിക

തപാലുകൾ കൈകാര്യം ചെയ്യാനും പൊതുജനങ്ങളിൽ നിന്ന് സ്വീകരിക്കുന്ന അപേക്ഷകളും പരാതികളും രേഖപ്പെടുത്താനും ഓഫീസ് ഫയലുകളുടെ നിരീക്ഷണത്തിനും ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയർ. ഓഫീസ് പ്രവർത്തനങ്ങളുടെ സുതാര്യത ഉറപ്പുവരുത്താൻ കഴിയും.

### 2.8 സ്ഥാപന

ജീവനക്കാരുടെ ശമ്പളബില്ല് തയ്യാറാക്കാനുള്ള സോഫ്റ്റ്‌വെയർ.

### 2.9 സകർമ

കൗൺസിൽ നടത്തിപ്പുമായി ബന്ധപ്പെട്ട സോഫ്റ്റ്‌വെയർ. കൗൺസിൽ യോഗത്തിനുള്ള അറിയിപ്പ് അജണ്ട കുറിപ്പ് മിനിട്ട്സ് എന്നിവ തയ്യാറാക്കാൻ കഴിയും. സൂചകപദങ്ങൾ ഉപയോഗിച്ച് തിരച്ചിൽ നടത്താനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.

### 2.10 സുഭദ്ര

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ബജററുകൾ തയ്യാറാക്കാനും ബജററ് നിയന്ത്രണം നടപ്പിലാക്കാനുമുള്ള സോഫ്ററ്വെയർ.

### 2.11 സംവേദിത

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ വെബ്സൈററ്. www.localgovkerala.net ൽ വിവരങ്ങൾ ലഭ്യമാണ്.

## 3.0 സോഫ്ററ്വെയറുകളുടെ വിന്യാസം

ഗ്രാമ പഞ്ചായത്തുകൾ കമ്പ്യൂട്ടറും മററ് അനുബന്ധ ഉപകരണങ്ങളും ആർജ്ജിക്കുന്നമുറയ്ക്ക് ആപ്ലിക്കേഷൻ സോഫ്ററ്വെയറുകൾ വിന്യസിക്കാൻ കഴിയും. ഘട്ടം ഘട്ടമായിട്ടാണ് ആപ്ലിക്കേഷൻ സോഫ്ററ്വെയറുകൾ വിന്യസിക്കുന്നത്. ആദ്യ ഘട്ടത്തിൽ താഴെ പറയുന്ന സോഫ്ററ്വെയറുകളാണ് വിന്യസിക്കുന്നത്.

- സുലേഖ
- സേവന (രജിസ്ട്രേഷൻ)
- സാംഖ്യ
- സഞ്ചിത
- സംവേദിത

രണ്ടാം ഘട്ടമായി താഴെ പറയുന്ന സോഫ്ററ്വെയറുകളാണ് വിന്യസിക്കുന്നത്.

- സുചിക
- സ്ഥാപന
- സേവന (പെൻഷൻ)

ആദ്യഘട്ട പ്രവർത്തനങ്ങൾ 2008 മാർച്ച് 31 ന് മുൻപ് പൂർത്തീകരിക്കാവുന്നതാണ്.

### 3.1 സുലേഖ സോഫ്ററ്വെയർ വിന്യാസം

പദ്ധതി ആസൂത്രണവും നടത്തിപ്പുമായ പ്രവർത്തനങ്ങൾക്ക് വേണ്ടി ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ആപ്ലിക്കേഷനാണ് സുലേഖ. പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട വിവരങ്ങൾ (ഫോർമുലേഷൻ ഡാററ) അനുബന്ധ ഫോറമനുസരിച്ച് കമ്പ്യൂട്ടറിൽ രേഖപ്പെടുത്തുന്നു. ആദ്യ ഘട്ടത്തിൽ ഐ കെ എം ന്റെ നേതൃത്വത്തിൽ കുടുംബശ്രീ സംവിധാനം ഉപയോഗിച്ച് സംസ്ഥാന തലത്തിൽ ഈ പ്രവർത്തനം നടത്തിയിരുന്നു. പദ്ധതി ചിലവും ഇത്തരത്തിൽ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തി. തുടർന്ന് ജില്ല പ്ലാനിംഗ്

ഓഫീസിന്റെ നേതൃത്വത്തിൽ കുടുംബശ്രീ സംവിധാനം ഉപയോഗിച്ച് ഈ പ്രവർത്തനങ്ങൾ നടത്തി അംഗീകരിച്ച പദ്ധതികൾക്ക് പ്രൊസീഡിംഗ്സ് നൽകുകയുണ്ടായി. ഗ്രാമ പഞ്ചായത്തുകളിൽ സുലേഖ സോഫ്റ്റ്‌വെയർ വിന്യസിക്കുന്നതോടെ പഞ്ചായത്തുകളിൽ തന്നെ ആസൂത്രണ വിവരങ്ങളും മാസാന്ത്യ കണക്കുകളും രേഖപ്പെടുത്താൻ കഴിയും. ഭാവിയിൽ കമ്പ്യൂട്ടർ ശൃംഖല പൂർത്തിയാകുമ്പോൾ പദ്ധതി വിവരങ്ങൾ ജില്ലാ പ്ലാനിംഗ് ഓഫീസിലേക്കും സംസ്ഥാന പ്ലാനിംഗ് ബോർഡിലേക്കും പഞ്ചായത്തുകളിൽനിന്ന് തന്നെ നേരിട്ട് അയക്കാൻ കഴിയും.

## 3.2 സേവന (രജിസ്ട്രേഷൻ) സോഫ്റ്റ്‌വെയർ വിന്യാസം

ജനന മരണ വിവാഹ രജിസ്ട്രേഷനുവേണ്ടിയുള്ള സോഫ്റ്റ്‌വെയറാണ് സേവന (രജിസ്ട്രേഷൻ). 1970 മുതലുള്ള ജനന മരണ രജിസ്ട്രേഷനുകൾ കമ്പ്യൂട്ടർവൽക്കരിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഇതുമൂലം രണ്ട് ഘട്ടങ്ങളായിട്ടാണ് സേവന (രജിസ്ട്രേഷൻ) സോഫ്റ്റ്‌വെയർ വിന്യസിക്കുന്നത്. തത്സമയ രജിസ്ട്രേഷനാവശ്യമായ സേവന ലോക്കൽ ബോഡി മൊഡ്യൂളും പഴയകാല വിവരങ്ങൾക്ക് ആവശ്യമായ സേവന പി ഡി ഇ എന്നിവയുടെ വിന്യാസമാണ് വ്യത്യസ്ത ഘട്ടങ്ങൾ. മാസ്റ്റർ ടേബിളുകളുടെ പൂർത്തീകരണമാണ് ആദ്യ നടപടി. ഐ കെ എം നിർദ്ദേശിച്ചിട്ടുള്ള സേവന മാസ്റ്റർ ഫോർമാറ്റ് അനുസരിച്ച് പഞ്ചായത്ത് വിവരങ്ങൾ ലഭ്യമാക്കണം. ഈ വിവരങ്ങൾ ഏകീകരിച്ചതിനുശേഷം ഐ കെ എം ന്റെ ക്വളിറ്റി കൺട്രോൾ വിഭാഗത്തിന്റെ അംഗീകാരം ലഭിച്ചു കഴിഞ്ഞാൽ രജിസ്ട്രേഷനുള്ള സേവന സോഫ്റ്റ്‌വെയർ വിന്യസിക്കുന്നതാണ്. മുൻകാല വിവരങ്ങളുടെ (1970 മുതൽ) ഡാറ്റാബെയിസ് തയ്യാറാക്കാൻ ഐ കെ എം പ്രത്യേകമായ രീതിശാസ്ത്രം വികസിപ്പിച്ചിട്ടുണ്ട്. പുസ്തകത്തിൽ എഴുതി സൂക്ഷിച്ചിരിക്കുന്ന വിവരങ്ങൾക്ക് ഏകീകൃത സ്വഭാവം ചില രേഖകളിൽ നഷ്ടമാകുന്നതുകൊണ്ട് അവ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തുന്നതിനുവേണ്ടി രജിസ്ട്രേഷൻ നിയമങ്ങൾ കൂടി ഉൾപ്പെടുത്തി ചട്ടക്കൂട് (ഫ്രെയിംവർക്ക്) തയ്യാറാക്കേണ്ടതുണ്ട്. ഈ ചട്ടക്കൂട്‌വഴിയാണ് മുൻകാല വിവരങ്ങൾ രേഖപ്പെടുത്തുന്നത്.

ഇതിന്റെ നടത്തിപ്പിനായി (ഡാറ്റാ എൻട്രി, പ്രിപ്രോസസിംഗ്) പഞ്ചായത്തുകൾ തദ്ദേശീയമായ കുടുംബശ്രീ യൂണിറ്റ് / അക്ഷയ / മറ്റ് ഡാറ്റാ എൻട്രി സെന്ററുകൾ എന്നിവയുമായി കരാർ വെക്കേണ്ടതാണ്. കരാറിൽ ഏർപ്പെടുന്നവർക്ക് ഐ കെ എം പ്രിപ്രോസസിംഗ്, ഡാറ്റാ എൻട്രി എന്നിവയിൽ പരിശീലനം നൽകുന്നതാണ്. സർക്കാർ നിർദ്ദേശിച്ചിട്ടുള്ള നിരക്ക് അനുസരിച്ച് ഈ പ്രവർത്തനങ്ങൾക്ക് തുക വിനിയോഗിക്കാവുന്നതാണ്. (സർക്കാർ ഉത്തരവ് പ്രകാരം പ്രത്യേക പരിപാടിയായി ഐ കെ എം ന്റെ നേതൃത്വത്തിൽ കാസർഗോഡ്, മലപ്പുറം, തിരുവനന്തപുരം എന്നീ ജില്ലകളിൽ ഈ പ്രവർത്തനം നടക്കുന്നുണ്ട്). ഒരു റെക്കാഡിന് നാല് രൂപ ക്രമത്തിൽ ഇതിനു വേണ്ടി തുക കണക്കാക്കണം. ധാരാളം രജിസ്ട്രേഷൻ നടക്കുന്ന പഞ്ചായത്തുകളിൽ തത്സമയ രജിസ്ട്രേഷന് ആവശ്യമായ ഹോസ്പിറ്റൽ കിയോസ്ക്ക് സംവിധാനം ഏർപ്പെടുത്താവുന്നതാണ്.

### 3.3 സേവന (പെൻഷൻ) സോഫ്ററ്വെയർ വിന്യാസം

സാമൂഹിക സുരക്ഷ പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്ന ഗുണഭോക്താക്കളുടെ ഡാററാബെയിസ് പൂർത്തീകരിക്കുന്ന മുറയ്ക്ക് സോഫ്ററ്വെയർ വിന്യാസിക്കുന്നതാണ്. പെൻഷണറുടെ വിവരങ്ങൾ ശേഖരിക്കാൻ ആവശ്യമായ ഫോർമാററുകൾ നേരത്തെ തന്നെ എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും ഐ കെ എം ൽ നിന്ന് അയച്ചു തന്നിട്ടുണ്ട്. ഇതുവരയും ലഭിക്കാത്ത വിവരങ്ങൾ കണ്ടെത്തി പൂർത്തീകരിക്കാൻ അദാലത്ത് ക്യാമ്പുകളോ വാർഡ് അടിസ്ഥാനത്തിൽ സർവേയോ നടത്താവുന്നതാണ്. കുടുംബശ്രീ, അയൽക്കൂട്ടം മററ് സന്നദ്ധസംഘടനകൾ എന്നിവരുടെ സേവനം ഇതിനുവേണ്ടി ഉപയോഗിക്കാവുന്നതാണ്. പൂർണവിവരങ്ങൾ ലഭിച്ച പെൻഷണർക്ക് ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് നൽകണം.

### 3.4 സാംഖ്യ സോഫ്ററ്വെയർ വിന്യാസം

തദ്ദേശ ഭരണ സ്ഥാപനത്തിന്റെ വരവ് ചിലവ് രേഖപ്പെടുത്തി കണക്കുകൾ ചിട്ടപ്പെടുത്താൻ കഴിയുന്ന സാംഖ്യ സോഫ്ററ്വെയർ വിന്യാസത്തിന്റെ പ്രധാന പ്രവർത്തനം മാസ്റ്റർ ടേബിളുകളുടെ നിർമ്മാണമാണ്. വരവിനങ്ങളും ചിലവിനങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ വിവിധങ്ങളായ 50 മാസ്റ്റർ ടേബിളുകളിലായി ശേഖരിക്കുന്നു. വിവര ശേഖരണത്തിനാവശ്യമായ 50 മാസ്റ്റർ ടേബിളുകളുടെ ഫോർമാററ് നേരത്തെ തന്നെ എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും ഐ കെ എം ൽ നിന്ന് അയച്ചു തന്നിട്ടുണ്ട്. ഈ ഫോർമാററിൽ കൂടി ശേഖരിക്കുന്ന വിവരങ്ങൾ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തി തെററ് തിരുത്തി വിവര വിടവുകൾ നികത്തി സംപുഷ്ടമാക്കിയാണ് സാംഖ്യയുടെ മാസ്റ്റർ ടേബിളുകൾ നിർമ്മിക്കുന്നത്. മാസ്റ്റർ ടേബിളുകളുടെ നിർമ്മാണത്തിനാവശ്യമായ വിവരങ്ങൾ നൽകേണ്ട ചുമതല ഗ്രാമ പഞ്ചായത്തുകൾക്കാണ്. പ്രധാനമായും ഡിമാന്റ് സ്ലിപ്പു തയ്യാറാക്കി അതുപയോഗിച്ചാണ് വരവുകൾ സ്വീകരിക്കുന്നത്.

### 3.5 സഞ്ചിത സോഫ്ററ്വെയർ വിന്യാസം

പഞ്ചായത്ത്രാജ് ആക്ററ്, നഗരപാലികാ ബില്ല് വികേന്ദ്രീകൃത ആസൂത്രണവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ കോടതി ഉത്തരവുകൾ അടങ്ങിയ സി ഡി. വിഷയാടിസ്ഥാനത്തിൽ സൂചകപദങ്ങളുപയോഗിച്ച് തിരച്ചിൽ നടത്താനുള്ള സൗകര്യവും ഉണ്ട്. സി ഡി രൂപത്തിലുള്ള ഈ സോഫ്ററ്വെയർ പഞ്ചായത്തിൽ ലഭ്യമായ സെർവർ കമ്പ്യൂട്ടറിലേക്ക് ഡൗൺലോഡ് ചെയ്ത് ശൃംഖലയിലെ എല്ലാ കമ്പ്യൂട്ടറിലും ലഭ്യമാക്കാം.

### 3.6 സ്ഥാപന സോഫ്ററ്വെയർ വിന്യാസം

ജീവനക്കാരുടെ ശമ്പളബില്ല് കമ്പ്യൂട്ടർവഴി തയ്യാറാക്കാനുള്ള സോഫ്ററ്വെയറാണ് സ്ഥാപന. ജീവനക്കാരുടെ ശമ്പളവുമായി ബന്ധപ്പെട്ട അടിസ്ഥാന വിവരങ്ങൾ നിർദ്ദിഷ്ട ഫോർമാററുകൾവഴി സ്വീകരിച്ച് കമ്പ്യൂട്ടറിൽ രേഖപ്പെടുത്തിയാണ് ശമ്പളബില്ല് തയ്യാറാക്കുന്നത്. ജീവനക്കാരുടെ ശമ്പളവുമായി ബന്ധപ്പെട്ട അടിസ്ഥാന വിവരങ്ങൾ

ശേഖരിക്കാനുള്ള ഫോർമാററ് ഐ കെ എം അയച്ചുതരുന്നതാണ്. വിവരങ്ങൾ പൂർത്തീകരിച്ച് നൽകുന്ന മുറയ്ക്ക് സ്ഥാപന സോഫ്ററ്വെയർ വിന്യസിക്കുന്നതാണ്.

### 3.7 സൂചിക സോഫ്ററ്വെയർ വിന്യാസം

തപാലുകൾ കൈകാര്യം ചെയ്യാനും പൊതുജനങ്ങളിൽ നിന്ന് സ്വീകരിക്കുന്ന അപേക്ഷകളും പരാതികളും രേഖപ്പെടുത്താനും ഓഫീസ് ഫയലുകളുടെ നിരീക്ഷണത്തിനും ഉപയോഗിക്കുന്ന സോഫ്ററ്വെയർ. ഫയൽ ലിസ്റ്റും ഫയലുകളുടെ അവസ്ഥയും (കറണ്ട്, പെൻഡിംഗ്, സ്റ്റോക്ക്) ഐ കെ എം ന നൽകണം. കൂടാതെ ഫയലുകൾ കൈകാര്യം ചെയ്യുന്നതിലെ ജോലി വിഭജനം സംബന്ധിച്ച വിവരങ്ങളും നൽകണം. ഓഫീസിൽ ലഭിക്കുന്ന എല്ലാ അപേക്ഷകളുഃ, പരാതികളും മററ് തപാലുകളും സൂചിക സോഫ്ററ്വെയറിൽ ചേർത്ത് കൈപ്പററ് നംമ്പർ നൽകണം. ഓരോ ഘട്ടത്തിലും എടുക്കുന്ന തീരുമാനങ്ങൾ / അഭിപ്രായ കുറിപ്പ് / നിരീക്ഷണങ്ങൾ എന്നിവ ഫയലിൽ രേഖപ്പെടുത്തുമ്പോൾ അതാത് ജീവനക്കാർ അതിന്റെ സാരാംശം സൂചിക ആപ്ലിക്കേഷനിൽകൂടി രേഖപ്പെടുത്തണം. സൂചിക ആപ്ലിക്കേഷൻ വിന്യാസത്തിന്റെ ഭാഗമായി സ്ഥാപിക്കുന്ന ടച്ച് സ്ക്രീൻ കിയോസ്ക്ക് വഴി ഉപഭോക്താവിന് ഫയലിന്റെ അവസ്ഥ മനസിലാക്കാൻ കഴിയും. ഇതിനായി കൈപ്പററ് നമ്പർ ടച്ച് സ്ക്രീൻ കിയോസ്ക്ക് വഴി രേഖപ്പെടുത്തിയാൽ മതിയാകും. ഈ പ്രവർത്തനം ഓഫീസ് പ്രവർത്തനത്തിലെ സുതാര്യത ഉറപ്പുവരുത്തും.

### 3.8 മററ് സോഫ്ററ്വെയറുകളുടെ വിന്യാസം

സേവന (പെൻഷൻ), സ്ഥാപന, സൂചിക, സഞ്ചയ, സകർമ, സുഭദ്ര മുതലായ സോഫ്ററ്വെയറുകൾ കമ്പ്യൂട്ടർവൽക്കരണത്തിന്റെ രണ്ടാംഘട്ടത്തിലും മൂന്നാംഘട്ടത്തിലുമാണ് വിന്യസിക്കാൻ ഉദ്ദേശിക്കുന്നത്. ആദ്യഘട്ട പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് രണ്ടാംഘട്ടം ആരംഭിക്കാം

## 4.0 പഞ്ചായത്തുകളുടെയും ഐ കെ എം ന്റെയും ഉത്തരവാദിത്തങ്ങൾ

കമ്പ്യൂട്ടർവൽക്കരണത്തിന്റെ പൂർത്തീകരണത്തിന് പഞ്ചായത്തുകളുടെയും ഐ കെ എം ന്റെയും യോജിച്ച പ്രവർത്തനം ആവശ്യമാണ്. വ്യത്യസ്തമായ ഉത്തരവാദിത്തങ്ങൾ ഉഭയകക്ഷികൾ നിർവഹിക്കണം.

### 4.1 ഐ കെ എം ന്റെ ഉത്തരവാദിത്തങ്ങൾ

1. ആപ്ലിക്കേഷൻ വിന്യാസം
2. ഗുണനിയന്ത്രണ സംവിധാനം
3. ജീവനക്കാർക്കുള്ള പരിശീലനം
4. പ്രവർത്തന റിപ്പോർട്ടും ഫണ്ടിന്റെ ഉപയോഗപത്രവും പഞ്ചായത്തുകൾക്ക് നൽകുക

5. സോഫ്ററ്വെയറിൽ ഉണ്ടാകുന്ന മാററങ്ങൾക്കനുസരിച്ച് പരിഷ്ക്കരിച്ച പതിപ്പ് വിന്യസിക്കുക
6. ആവശ്യനുസരണം സാങ്കേതിക സഹായം നൽകുക

## 4.2 പഞ്ചായത്തിന്റെ ഉത്തരവാദിത്തങ്ങൾ

1. പദ്ധതി നടത്തിപ്പിനാവശ്യമായ കമ്പ്യൂട്ടറുകൾ, അനുബന്ധ സോഫ്ററ്വെയറുകൾ (COTS) മററ് ഉപകരണങ്ങളുടെ വാങ്ങൽ.
2. സെർവറും, യു പി എസും സ്ഥാപിക്കാൻ നിശ്ചിത തരത്തിലുള്ള മുറി തയ്യാറാക്കുക
3. കമ്പ്യൂട്ടർവൽക്കരണത്തിനാവശ്യമായ ഇലക്ട്രിക്കൽ വയറിംഗ്, എർത്തിംഗ്, യു പി എസ് വയറിംഗ്, നെററ്വർക്ക് വയറിംഗ്, കമ്പ്യൂട്ടർ ഫർണിച്ചറുകൾ (ആവശ്യമെങ്കിൽ) എന്നിവ ഏർപ്പാടാക്കുക.
4. കമ്പ്യൂട്ടർവൽക്കരണത്തിനാവശ്യമായ വിവരങ്ങൾ നിർദ്ദിഷ്ട ഫോർമാററിൽ രേഖപ്പെടുത്തി ഐ കെ എം ന നൽകുക
5. ഡാററാ എൻട്രി, പ്രിപ്രോസസിംഗ് എന്നിവയ്ക്കായി പഞ്ചായത്തുകൾ തദ്ദേശീയമായ കുടുംബശ്രീ യൂണിററ് / അക്ഷയ / മററ് ഡാററാ എൻട്രി സെന്ററുകൾ എന്നിവയുമായി കരാർ വെക്കേണ്ടതാണ്.
6. ഡാററാബെയിസിലെ വിവരങ്ങളുടെ പ്രിന്റ് പരിശോധിച്ച് വേണ്ടുന്ന തിരുത്തുകൾ വരുത്തുക
7. ഡാററാബെയിസിന്റെ പൂർണ്ണത അംഗീകരിക്കുക
8. കമ്പ്യൂട്ടർവൽക്കരണത്തിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ഒരു ജീവനക്കാരന് ചുമതല നൽകുക
9. പ്രവർത്തന പുരോഗതി വിലയിരുത്താനായി പഞ്ചായത്ത് സമിതി അംഗങ്ങൾ ഉൾപ്പെടുന്ന സമിതി രൂപീകരിക്കുക.
10. പദ്ധതി നടത്തിപ്പിനാവശ്യമായ സാങ്കേതിക പ്രവർത്തനങ്ങൾക്കു വേണ്ട തുക ഐ കെ എം – ന നൽകുക

## 5.0 ബൗദ്ധികസ്വത്തവകാശം

കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി വിന്യസിക്കപ്പെടുന്ന ആപ്ലിക്കേഷൻ സേഫ്ററ്വെയറുകളുടെ ബൗദ്ധികസ്വത്തവകാശം ഐ കെ എം വഴി കേരള സർക്കാരിൽ നിക്ഷിപ്തമായിരിക്കും.

## 6.0 തർക്ക പരിഹാരം

പദ്ധതി നടത്തിപ്പിനായി ആവശ്യമെന്നു തോന്നുന്ന പക്ഷം ഗ്രാമ പഞ്ചായത്തും ഐ കെ എം തമ്മിൽ ധാരണാപത്രം ഒപ്പിടാവുന്നതാണ്. പദ്ധതിയുടെ നടത്തിപ്പിൽ എന്തെങ്കിലും അഭിപ്രായവ്യത്യാസം ഉണ്ടായാൽ പഞ്ചായത്ത് ഡയറക്ടറും ഐ കെ എം ന്റെ

എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടറും ഗ്രാമ പഞ്ചായത്തിന്റെ പ്രതിനിധിയും അടങ്ങുന്ന സമിതിയുടെ തീരുമാനത്തിനു വിധേയമായി തീർപ്പ് കല്പിക്കുന്നതാണ്.

**7.0 ബജററ്**

ഈ പദ്ധതിയിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രവർത്തനങ്ങൾ ഏറെറടുത്തു നടത്തുന്നതിനാവശ്യമായ ചിലവുകൾ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

കമ്പ്യൂട്ടർവൽക്കരണത്തിനാവശ്യമായ സെർവറും - യു പി എസ് മുറി തയ്യാറാക്കുക ഇലക്ട്രിക്കൽ വയിംഗ്, എർത്തിംഗ്, യു പി എസ് വയറിംഗ്, എന്നിവയ്ക്ക് വരുന്ന ചിലവ് സർക്കാറിന്റെ 01.06.2007 ലെ നം:23235/ഐ.ബി2/2007/തസ്വഭവ സർക്കുലർ പ്രകാരം അറിയിച്ചിട്ടുള്ളതിനാൽ അനുബന്ധമായി ചേർത്തിട്ടുള്ള ബജററിൽ ഉൾക്കൊള്ളിച്ചിട്ടില്ല. ഉപകരണങ്ങൾ, വാങ്ങേണ്ട സോഫ്ററ്വെയർ, നെററ് വർക്കിംഗ് തുടങ്ങിയവയ്ക്ക് വേണ്ട ചിലവ് 13.01.2007 ലെ 119/ഡിപി 1 / 2007 / തസ്വഭവ സർക്കുലർ പ്രകാരംവും (തെരഞ്ഞെടുത്ത 582 ഗ്രാമ പഞ്ചായത്തുകൾക്ക്) 25.06.2007 ലെ 168/2007/ തസ്വഭവ നമ്പർ സർക്കാർ ഉത്തരവനുസരിച്ച് ഐ കെ എം നൽകിയ കത്തിലും നൽകിയിട്ടുണ്ട്. പഞ്ചായത്ത് നേരിട്ട് നടത്തുന്ന പ്രവർത്തനങ്ങൾ കഴിഞ്ഞുള്ള തുകയാണ് ഐ കെ എം ലേക്ക് അടക്കേണ്ടുന്നത്. നേരത്തെ പണമടച്ചിട്ടുണ്ടെങ്കിൽ ബാക്കി തുക അടച്ചാൽ മതിയാകും. ഡാററാ എൻട്രിക്ക് വരുന്ന ചിലവ് പഞ്ചായത്ത് നേരിട്ട്തന്നെ കുടുംബശ്രീ യൂണിററ് / അക്ഷയ / മററ് ഡാററാ എൻട്രി സെന്ററുകൾ എന്നിവർക്ക് നൽകണം.

### അനുബന്ധം 1

# ഇൻഫർമേഷൻ കേരള മിഷൻ

പ്രതീക്ഷ, പാങ്ങപ്പാറ പി.ഒ, തിരുവനന്തപുരം
ഗ്രാമപഞ്ചായത്ത് കമ്പ്യൂട്ടറൈസേഷനുവേണ്ടിയുള്ള ചെലവ് വിവരം

**എ. ഗ്രാമപഞ്ചായത്ത് കമ്പ്യൂട്ടറൈസേഷനു ആവശ്യമായ ഹാർഡ്‌വെയറുകളും അതിന്റെ ചെലവുകളും (ഏകദേശ കണക്ക്)**

| ക്രമ നമ്പർ | ഇനം | എണ്ണം | നിരക്ക് (ഏകദേശം) | തുക (രൂപ) |
|---|---|---|---|---|
| 1 | മെയിൻ സെർവർ | 1 | 79000 | 79000 |
| 2 | ക്ലയന്റ് കമ്പ്യൂട്ടർ | 4 | 28900 | 115600 |
| 3 | പ്രിന്റർ – 132 കോളം – ഡോട്ട് മാട്രിക്സ് | 1 | 12352 | 12352 |
| 4 | പ്രിന്റർ – 80 കോളം – ഡോട്ട് മാട്രിക്സ് | 4 | 9349 | 37396 |
| 5 | യു.പി.എസ്സ്. 2KVA | 1 | 72000 | 72000 |
| 6 | മോഡം 56 കെ.ബി.പി.എസ്സ്. (എക്സ്റ്റേണൽ) ടെലിഫോണിലേക്കും മോഡത്തിൽ നിന്ന് കമ്പ്യൂട്ടറിലേക്കും ബന്ധിപ്പിക്കുന്നതിനുള്ള കേബിൾ | 1 | 1500 | 1500 |
| 7 | 8 പോർട്ട് 10/100 ഈതർനെറ്റ് സ്വിച്ച് | 1 | 3000 | 3000 |
| 8 | ലോക്കൽ ഏരിയ നെറ്റ് വർക്കിംഗിനു വേണ്ടിയുള്ള യു.റ്റി.പി. കേബിൾ (സ്ട്രക്ചേർഡ് കേബിളിംഗ്) | 1 | 15165 | 15165 |
| 9 | കണ്ടിജനൻസീസ് @ 5% | 1 | 16801 | 16801 |
| **എ** | **ആകെ** | | | **352814** |

**ബി. ഗ്രാമപഞ്ചായത്ത് കമ്പ്യൂട്ടറൈസേഷന് വേണ്ടി വാങ്ങേണ്ട സോഫ്റ്റ്‌വെയർ ഇനങ്ങളും അതിന്റെ ചെലവും (ഏകദേശ കണക്ക്, ഐ.കെ.എം. ന് നൽകേണ്ടത്)**

| ക്രമ നമ്പർ | ഇനം | എണ്ണം | നിരക്ക് (ഏകദേശം) | തുക (രൂപ) |
|---|---|---|---|---|
| 1 | എം.എസ്സ്.വിൻഡോസ് 2000 സെർവർ | 1 | 21930 | 21930 |
| 2 | എം.എസ്സ്.എസ്ക്യൂഎൽ – സെർവർ 2000 | 1 | 26982 | 26982 |
| 3 | സി.എ. ഇനോകുലേറ്റ് ഐ.റ്റി./ഇ–ട്രസ്റ്റ് ആന്റി വൈറസ് – വിൻഡോസ് 2000 സെർവർ ( ലേറ്റസ്റ്റ് അപ്ഡേറ്റ്സ്, മീഡിയ ആന്റ് ഡോക്യുമെന്റേഷൻ | 4 | 1002 | 4008 |
| 4 | സിഡാക് ഐ.എസ്സ്.എം ഓഫീസ് 3.04 (നെറ്റ് വർക്ക്‌വേർഷൻ) ഐ.ഇ.5.0 മീഡിയ ആന്റ് ഡോക്യുമെന്റേഷൻ – 5 യൂസർ (ആധുനീകരിച്ചത്) | 1 | 15900 | 15900 |
| 5 | എം.എസ്സ് വിൻഡോസ് 2000 സെർവർ ക്ലയന്റ് അക്സസ്സ് ലൈസൻസ് | 4 | 970 | 3880 |
| 6 | എം.എസ്സ്,എസ്സ്ക്യൂഎൽ സെർവർ 2000 ക്ലയന്റ് അകസസ്സ് ലൈസൻസ് | 4 | 5603 | 22412 |
| 7 | എം.എസ്സ് ഓഫീസ് 2003 സ്റ്റാന്റേർഡ് ക്ലയന്റ് ലൈസൻസ് | 4 | 8203 | 32812 |
| 8 | കണ്ടിജനൻസീസ് @ 5% | 1 | 6396 | 6396 |
| **ബി** | **ആകെ** | | | **134320** |

**സി. ഐ.കെ.എം. ചാർജ്ജ്**

| ക്രമ നമ്പർ | ഇനം | എണ്ണം | നിരക്ക് (ഏകദേശം) | തുക (രൂപ) |
|---|---|---|---|---|
| 1 | സോഫ്റ്റ്‌വെയർ ഇനങ്ങൾ ഐ.കെ.എം. വാങ്ങുകയാണെങ്കിൽ ആകെ വിലയുടെ അഞ്ച് ശതമാനം വാങ്ങൽ ചെലവ് @ 5 % | 1 | 6716 | 6716 |
| 2 | ഇൻസ്റ്റലേഷൻ, സിസ്റ്റം ഇന്റഗ്രേഷൻ, കസ്റ്റമൈസേഷൻ ചെലവ് – ഗവൺമെന്റ് അംഗീകരിച്ച റ്റി.എസ്.പി. നിരക്ക് (സെർവർ മെഷീന്റെയും സോഫ്റ്റ്‌വെയറിന്റേയും വിലയുടെ 5 %) | 1 | 10666 | 10666 |
| 3 | ജനസേവന കേന്ദ്രം സ്ഥാപിക്കൽ (ആവശ്യമുണ്ടെങ്കിൽ മാത്രം) (ജനസേവന കേന്ദ്രനിർമ്മാണ ചെലവിന്റെ 5 %) | 1 | 9590 | 9590 |
| | സർവ്വീസ് ടാക്സ് (ആകെ തുകയുടെ 12.36 %) | 1 | 3334 | 3334 |
| 4 | 5 പഞ്ചായത്ത് ജീവനക്കാർക്ക് 7 ദിവസത്തക്ക് കമ്പ്യൂട്ടർ ട്രെയിനിംഗിന് വേണ്ടിയുള്ള ചെലവ് | 5 | 7500 | 37500 |
| **സി** | **ആകെ** | | | **67806** |

കുറിപ്പ്:– ഹാർഡ്‌വെയർ ഇനങ്ങൾ ഐ.കെ.എം. ഒഴി വാങ്ങുകയാണെങ്കിൽ ആകെ വിലയുടെ അഞ്ച് ശതമാനം വാങ്ങൽ ചെലവ് ഐ.കെ.എം. ഈടാക്കുന്നതാണ്. (ഹാർഡ്‌വെയർ , സോഫ്റ്റ്‌വെയർ ഇനങ്ങൾ ഐ.കെ.എം.മുഖാന്തിരം വാങ്ങുകയാണെങ്കിൽ മാത്രമേ വാങ്ങൽ ചെലവ് ഈടാക്കുകയുള്ളൂ)

**ഡി. ആവർത്തന ചിലവ് (ഐ.കെ.എം. ന് നൽകേണ്ടത്)**

| ക്രമ നമ്പർ | ഇനം | എണ്ണം | നിരക്ക് (ഏകദേശം) | തുക (രൂപ) |
|---|---|---|---|---|
| 1 | സാങ്കേതിക സഹായ ചെലവ് (വാറണ്ടി കാലം കഴിഞ്ഞ് ഹാർഡ്‌വെയർ ഇനങ്ങളുടെ മൊത്തം വിലയുടെ 10%.) (പഞ്ചായത്തുകൾ നേരിട്ട് മെയിന്റനനസ് കോൺട്രാക്റ്റ് ഏർപ്പാടാക്കുകയാണെങ്കിൽ ഇത്ഐ കെ എം ലേക്ക് അടക്കേണ്ടില്ല) | 1 | 35281 | 35281 |
| 2 | കൗണ്ടർ ഓപ്പറേഷനും, സപ്പോർട്ട് ചാർജ്ജും മാസം തോറും (ഐ കെ എം ന്റെ സാങ്കേതിക സഹായം ബ്ലോക്ക് തലത്തിൽ ലഭ്യമായിരിക്കും). | 12 | 700 | 8400 |
| 3 | അച്ചടിച്ച സ്റ്റേഷനറി സാധനങ്ങൾ (പഞ്ചായത്തുകൾ നേരിട്ട് ഏർപ്പാടാക്കുകയാണെങ്കിൽ ഇത്ഐ കെ എം ലേക്ക് അടക്കേണ്ടില്ല) | 10000 | 0.22 | 2200 |
| 4 | സർവ്വീസ് ടാക്സ് (ആകെ തുകയുടെ 12.36 %) | 1 | 5671 | 5671 |
| **ഡി** | **ആകെ** | | | **51552** |

**ഇ. ജനസേവന കേന്ദ്രം ഏകദേശ ചെലവ് (ആവശ്യമനുസരിച്ച്)**

| ക്രമ നമ്പർ | ഇനം | എണ്ണം | നിരക്ക് (ഏകദേശം) | തുക (രൂപ) |
|---|---|---|---|---|
| 1 | കൗണ്ടർ സെറ്റപ്പ് | 1 | 7000 | 7000 |
| 2 | മോണിറ്റർ സ്റ്റാന്റ് | 1 | 1800 | 1800 |
| 3 | പ്രിൻർ ടേബിൾ | 1 | 8000 | 8000 |
| 4 | സെർവർ ടേബിൾ | 1 | 4000 | 4000 |

| | | | | |
|---|---|---|---|---|
| 5 | കമ്പ്യൂട്ടർ ടേബിൾ | 5 | 3500 | 17500 |
| 6 | കമ്പ്യൂട്ടർ ചെയർ | 6 | 3000 | 18000 |
| 7 | വിസിറ്റേഴ്സ് ചെയർ | 2 | 2300 | 4600 |
| 8 | 4 സീറ്റുകളുള്ള കസേര (വെയിറ്റിംഗ് ചെയർ) | 2 | 2750 | 5500 |
| 9 | കംപ്ലയ്ന്റ് ബോക്സ് | 1 | 4800 | 4800 |
| 10 | ഡസ്റ്റ് ബിൻ (തടി) | 1 | 600 | 600 |
| 11 | സൈൻ ബോർഡ്, സ്റ്റിക്കേഴ്സ് മുതലായവ | 1 | 10000 | 10000 |
| 12 | വൈദ്യുതീകരണം (ആവശ്യമുള്ളതനുസരിച്ച്) | 1 | 10000 | 10000 |
| 13 | സിവിൾ വർക്ക് (ആവശ്യമുള്ളതനുസരിച്ച്) | 1 | 100000 | 100000 |
| ഇ | ആകെ | | | 191800 |

1. ജനസേവന കേന്ദ്രം സ്ഥാപിക്കുന്നില്ലെങ്കിൽ പ്രിന്റർ വെയ്ക്കുന്നതിനുള്ള സൗകര്യത്തോടുകൂടിയ 4 കമ്പ്യൂട്ടർ ടേബിൾ, പ്രിന്റർ സൗകര്യത്തോടുകൂടിയുള്ള ഒരു സെർവർ ടേബിൾ, 6 കമ്പ്യൂട്ടർ കസേരകൾ എന്നിവ വാങ്ങേണ്ടതാണ്. ജനസേവനകേന്ദ്രം സ്ഥാപിക്കുകയാണെങ്കിൽ 3 കമ്പ്യൂട്ടർ ടേബിളുകളും കൂടാതെ മേൽപ്പറഞ്ഞ മറ്റു സാധനങ്ങളും വാങ്ങേണ്ടതാണ്. ഇവ ഓഫീസിൽ വിന്യസിക്കാൻ സ്ഥലപരിമിതിയുണ്ടെങ്കിൽ അവ വാങ്ങേണ്ടതില്ല. പകരം ജീവനക്കാരുടെ മേശപ്പുറത്ത് തന്നെ കമ്പ്യൂട്ടറും പ്രിന്ററും സ്ഥാപിക്കാനുള്ള സൗകര്യം ഒരുക്കേണ്ടതാണ്. ആകെ ചെലവ് തുക അതിന് അനുസരിച്ച് വ്യത്യാസപ്പെടുന്നതാണ്.

2. ഈ തുകകൾ ബഡ്ജറ്റ് തയ്യാറാക്കാൻ വേണ്ടി മാത്രം എടുത്തിട്ടുള്ളതാണ്. യഥാർത്ഥത്തിൽ ആവശ്യമായി വരുന്ന തുകയാണ് കണക്കാക്കേണ്ടത്.

**എഫ്. ഗ്രാമപഞ്ചായത്ത് മുഖാന്തിരം ഡേറ്റാ എൻട്രി ചെയ്യുന്നതിനുള്ള ഏകദേശ ചെലവ്**

| ക്രമ നമ്പർ | ഇനം | എണ്ണം | നിരക്ക് (ഏകദേശം) | തുക (രൂപ) |
|---|---|---|---|---|
| 1 | സേവന ബാക്ക് ഡേറ്റാ എൻട്രി | 2500 | 4 | 10000 |
| 2 | പ്രോപ്പർട്ടി ടാക്സ് | 15000 | 3 | 45000 |
| 3 | സേവന പെൻഷൻ | 1000 | 10 | 10000 |
| 4 | പ്രോഫഷൻ ടാക്സ് | 500 | 3 | 1500 |
| 5 | ഡി.& ഒ പി.എഫ്.എ | 750 | 3 | 2250 |
| 6 | സകർമ്മ | 600 | 10 | 6000 |
| 7 | സൂചിക | 2000 | 2.25 | 4500 |
| 8 | സാംഖ്യ | 1000 | 8 | 8000 |
| 9 | സുലേഖ | 150 | 10 | 1500 |
| എഫ് | ആകെ | | | 88750 |

കുറിപ്പ് : സ്പെഷ്യൽ ഗ്രേഡ് ഗ്രാമപഞ്ചായത്തുകൾക്കു വേണ്ടിയുള്ള ഹാർഡ്‌വെയറുകളും സോഫ്റ്റ് വെയറുകളുമാണ് നിർദ്ദേശിച്ചിരിക്കുന്നത്. ഹാർഡ്‌വെയറുകളും സോഫ്റ്റ്‌വെയറുകളും നിലവിലുള്ളവ മതിയാകുമെങ്കിൽ അതു തന്നെ ഉപയോഗിക്കാവുന്നതാണ്. കൂടുതൽ ഇനങ്ങൾ ആവശ്യമെങ്കിൽ മാത്രം പുതിയവ വാങ്ങിയാൽ മതിയാകുന്നതാണ്. പുതിയവ വാങ്ങുന്നതനുസരിച്ച് ചെലവ് തുക വ്യത്യാസപ്പെടുന്നതാണ്. എണ്ണം കാണിച്ചിട്ടുള്ളത് ഉദ്ദേശകണക്ക് പ്രകാരമാണ്. യഥാർത്ഥ എണ്ണമനുസരിച്ച് പഞ്ചായത്തുകൾക്ക് ചെലവ് നിർണ്ണയിക്കാവുന്നതാണ്.

| | |
|---|---|
| **ആകെ തുക - (എ + ബി + സി + ഡി + ഇ + എഫ്)** | **887042** |